## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 821</u>    <u>07.02.2013-ലെ മറുപടിക്ക്</u>

## <u>സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ ; | (എ) പത്തനംതിട്ട ജില്ലയിലെ കോന്നി, ഇടുക്കി ജില്ലയിലെ ഇടുക്കി, മലപ്പുറം ജില്ലയിലെ മഞ്ചേരി, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക എന്നിവിടങ്ങളിലാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. പ്രസ്തുത മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിരമിച്ച ഡോ. പി.ജി.ആർ. പിള്ളയെ സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. കൂടാതെ ഓരോ മെഡിക്കൽ കോളേജുകൾക്കും വേണ്ടി പ്രോജക്ട് സ്പെഷ്യൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജുകളുടെ നിർമ്മാണത്തിനായുള്ള വിശദമായ പദ്ധതി രേഖ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. കോന്നിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് എച്ച്.എൽ.എല്ലിനെയും മഞ്ചേരി മെഡിക്കൽ കോളേജ്, ഇടുക്കി മെഡിക്കൽ കോളേജ് , കാസർഗോഡ് മെഡിക്കൽ കോളേജ് എന്നിവയുടെ പദ്ധതി നടത്തിപ്പ് കിറ്റ്കോ യെയും ഏൽപ്പിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനായി പൊതുമരാമത്ത് വകുപ്പിന്റേയും ഗ്രാമ വികസന വകുപ്പിന്റേയും കൈവശമുള്ള 3.22 ഏക്കർ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. കാസർഗോഡ് , ഇടുക്കി എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജിനായുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ |

നടന്നുവരുന്നു. കോന്നി മെഡിക്കൽ കോളേജിന് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ 2013-14-ൽ പ്രവേശന നടപടികൾ ആരംഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിന് കേരള ആരോഗ്യ സർവ്വകലാശാലയുടെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനായി 108 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിലേക്കായി കേരള മെഡിക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നുണ്ട്. കൂടാതെ വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിലേക്ക് സ്പെഷ്യൽ ഓഫീസറായി ഡോ. ജിതേഷിനേയും നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ നിയമിതരാവുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക്, സംസ്ഥാനത്ത് നിലവിലുള്ള മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് ലഭിച്ചുവരുന്ന സേവനവേതന വ്യവസ്ഥകൾ ബാധകമാക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) പുതിയ മെഡിക്കൽ കോളേജുകളിൽ നിയമിതരാകുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച അന്തിമ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**